

# പ്രവാചകന്റെ പ്രിയ സൈദ്

കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

**നബിയുടെ വിശ്വസ്ത സേവകനും നബിയുമായി സദാ നേരവും അടുത്ത് പെരുമാറുന്ന ആളുമായിരുന്നതിനാൽ നബി തിരുമേനിയുടെ ഉത്കൃഷ്ട ഗുണങ്ങൾ സൈദിലും പ്രകടമായിരുന്നു. ഖുർആനിൽ പേരെടുത്തു പറഞ്ഞ ഏക സ്വഹാബിയും സൈദ് തന്നെ. സൈദിന്റെ വ്യക്തിപ്രഭാവം കണ്ട് നബി(സ) അദ്ദേഹത്തെ അബൂബക്കറും ഉമറും(റ) പോലെയുള്ള മഹദ്വ്യക്തിത്വങ്ങൾ അണിനിരന്ന സൈന്യത്തിന്റെ അധിപനാക്കുകയുണ്ടായി.**

**ഖദീജാ** ബിൻത് ഖുവൈലിദ് സഹോദര പുത്രനായ ഹകീമുബ്നു ഹിസാമിന്റെ വീട്ടിൽ ചെന്നതായിരുന്നു. ശാം യാത്ര കഴിഞ്ഞു വന്നതായിരുന്നു അദ്ദേഹം. ഹകീം അമ്മാവിയോട് പറഞ്ഞു: 'അമ്മാവീ, ചന്തയിൽനിന്ന് ഞാൻ കുറച്ച് അടിമക്കിടാങ്ങളെ വാങ്ങിക്കൊണ്ടുവന്നിട്ടുണ്ട്. ഇഷ്ടമുള്ള ഒരു പയ്യനെ അമ്മാവിക്ക് കൊണ്ടുപോകാം.' മുഖപ്രകൃതവും മറ്റു ലക്ഷണങ്ങളും നോക്കി അമ്മാവി ഖദീജ ഒരു കുട്ടിയെ തെരഞ്ഞെടുത്തു. പേര് സൈദ്.

പിതാവ് ഹാരിസയുടെയും മാതാവ് സുഅ്ദായുടെയും വത്സല പുത്രനാണ് സൈദ്. ഒരു ദിവസം ഉമ്മ മകനെയും കൂട്ടി കുടുംബസന്ദർശനാർഥം ബനൂ മിഅൻ ഗോത്രത്തിൽ പോയതായിരുന്നു. പെട്ടെന്നാണ് ഒരു കൊള്ള സംഘം അവിടെ എത്തിയത്.

തദ്ദേശീയരുടെ ഒട്ടേറെ സ്വത്തുക്കളും വിലപിടിച്ച വസ്തുക്കളും കൊള്ള സംഘം കൈക്കലാക്കി. പലരെയും ആട്ടിപ്പിടിച്ചുകൊണ്ടുപോയി. എട്ടു വയസ്സുകാരനായ സൈദും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

കുഞ്ഞുമോന്റെ തിരോധാനം പിതാവിനെ തളർത്തി. മകനെ തേടി നാടൊട്ടുക്കും അയാൾ അലഞ്ഞു. കണ്ടവരോടെല്ലാം അന്വേഷിക്കും. സൈദിനെക്കുറിച്ചുള്ള ഓർമകൾ ഈരടികളായി ഭ്രാന്തനെപ്പോലെ അയാൾ പാടി നടന്നു. ഇതിനിടക്കാണ് ഖദീജയും നബി തിരുമേനിയും തമ്മിലുള്ള വിവാഹം നടന്നത്. വിവാഹ സമ്മാനമെന്നോണം പത്നി ഖദീജ സൈദിനെ നബി(സ)ക്ക് കൈമാറി.

സൈദ് മക്കയിൽ നബിയുടെ വീട്ടിലുണ്ടെന്ന വിവരം ഹജ്ജിന് വന്നവരിലൂടെ പിതാവ് ഹാരിസ അറിയാനിടയായി. അദ്ദേഹം സാഹോദരൻ കഅ്ബിനെയും കൂട്ടി മക്കയിൽ നബിയെ ചെന്നു കണ്ടു. അയാൾ പറഞ്ഞു: 'അബ്ദുൽ മുത്ത്വലിബിന്റെ പൗത്രാ, ഹാശിം കുടുംബക്കാരായ നിങ്ങൾ വിശുദ്ധ മന്ദിരത്തിന്റെ പരിചാരകരും വിശാല മനസ്കരും അവശരുടെ ആവശ്യങ്ങൾ അനുവദിക്കുന്നവരുമൊക്കെയാണല്ലോ. താങ്കളുടെ അധീനത്തിലുള്ള സൈദ് എന്റെ മകനാണ്. ഒരു കൊള്ള സംഘം അവനെ പിടിച്ചു അടിമച്ചന്തയിൽ വിറ്റതാണ്. അവനെ വിട്ടുതരാനുള്ള മോചനദ്രവ്യവുമായാണ് ഞങ്ങൾ വന്നിട്ടുള്ളത്.'

തിരുമേനി പറഞ്ഞു: 'മോചനദ്രവ്യം ആവശ്യമില്ല. അവന് സമ്മതമാണെങ്കിൽ നിങ്ങൾക്കവനെ കൊണ്ടുപോകാം.'

സൈദ് പക്ഷേ നബിയുടെ കൂടെ കഴിയാനാണ് ഇഷ്ടപ്പെട്ടത്. പിതാവ് പറഞ്ഞു: 'കഷ്ടം തന്നെ! മാതാപിതാക്കളുടെ സാന്നിധ്യത്തേക്കാൾ അടിമത്തമാണോ നിനക്കിഷ്ടം!'

സൈദ്: '(നബിയെ സൂചിപ്പിച്ചുകൊണ്ട്) ഒരു മഹാ മനുഷ്യനാണിദ്ദേഹം. ഇദ്ദേഹത്തിന്റെ സാന്നിധ്യം എന്നെ അതിയായി സന്തുഷ്ടനാക്കുന്നു. സ്നേഹനിധിയായ ഇദ്ദേഹത്തെ വിട്ടുപിരിയുന്നത് സഹിക്കാനാവില്ല എനിക്ക്.' നബിതിരുമേനിക്ക് 'നുബുവ്വത്ത്' (പ്രവാചകത്വപദവി) ലഭിക്കും മുമ്പായിരുന്നു ഈ സംഭവം.

നബി സൈദിന്റെ കൈ പിടിച്ചു കഅ്ബയുടെ മുറ്റത്ത് ചെന്ന് അവിടെ കൂടിയവരോടായി പറഞ്ഞു: 'സൈദ് എന്റെ മകനാണ്. സമ്പത്തിലും ഞങ്ങൾ പരസ്പരം അനന്തരാവകാശികളായിരിക്കും'

തന്റെ മകൻ ഖുറൈശി ഗോത്രക്കാരനും ഹാശിം കുടുംബക്കാരനും അൽഅമീനു(സത്യസന്ധൻ)മായ പ്രമുഖ വ്യക്തിയുടെ ദത്ത് പുത്രനായതിൽ സൈദിന്റെ മാതാപിതാക്കൾക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. സമാധാനത്തോടെ അവർ സ്വദേശത്തേക്ക് തിരിച്ചുപോയി. അങ്ങനെ സൈദ് നബിയുടെ ദത്ത് പുത്രനായി. മുഹമ്മദിന്റെ മകൻ സൈദ് എന്ന അർഥത്തിൽ മക്കക്കാർ 'സൈദുബ്നു മുഹമ്മദ്' എന്നാണ് അന്ന് മുതൽ

സൈദിനെ വിളിച്ചു വന്നത്.

സ്വന്തം മകനെപ്പോലെ നബി സൈദിനെ വളർത്തുകയും അടിമത്തത്തിൽനിന്ന് മോചിപ്പിച്ച് സ്വതന്ത്രനാക്കുകയും ചെയ്തു. സൈദിനോടുള്ള നബിയുടെ സ്നേഹവാത്സല്യങ്ങൾ കണ്ട സ്വഹാബികൾ അദ്ദേഹത്തെ 'ഹിബ്ബുർറസൂലില്ലാഹ്' (റസൂലിന്റെ പ്രിയപ്പെട്ടവൻ) എന്നും 'സൈദുൽ ഹിബ്ബ്' (പ്രിയ സൈദ്) എന്നും വിളിച്ചു.

നബി തിരുമേനിക്ക് നാൽപതാം വയസ്സിൽ നുബുവ്വത്ത് ലഭിച്ചപ്പോൾ അദ്ദേഹത്തിൽ ആദ്യമായി വിശ്വസിച്ചവർ സൈദുബ്നു ഹാരിസയും അബൂബക്കർ സിദ്ദീഖും അലിയും(റ) ആയിരുന്നു.

നബിയുടെ വിശ്വസ്ത സേവകനും നബിയുമായി സദാ നേരവും അടുത്ത് പെരുമാറുന്ന ആളുമായിരുന്നതിനാൽ നബി തിരുമേനിയുടെ ഉത്കൃഷ്ട ഗുണങ്ങൾ സൈദിലും പ്രകടമായിരുന്നു. ഖുർആനിൽ പേരെടുത്തു പറഞ്ഞ ഏക സ്വഹാബിയും സൈദ് തന്നെ. സൈദിന്റെ വ്യക്തിപ്രഭാവം കണ്ട് നബി(സ) അദ്ദേഹത്തെ അബൂബക്കറും ഉമറും(റ) പോലെയുള്ള മഹദ്വ്യക്തിത്വങ്ങൾ അണിനിരന്ന സൈന്യത്തിന്റെ അധിപനാക്കുകയുണ്ടായി. മുറൈസീഇലേക്കുള്ള യുദ്ധയാത്രയിൽ മദീനയിൽ നബി(സ)യുടെ പ്രതിപുരുഷനായി നിയമിച്ചതും സൈദിനെയായിരുന്നു. പ്രവാചക പത്നി ആഇശ(റ) പറയുകയുണ്ടായി: 'സൈദ് ഉൾപ്പെട്ട സൈനിക സംഘങ്ങളിലെല്ലാം അദ്ദേഹത്തെ തന്നെയായിരുന്നു നബി(സ) നേതൃത്വം ഏൽപിച്ചത്. നബിക്കു ശേഷം അദ്ദേഹം ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഖലീഫയാകാനും അർഹതയുണ്ട് അദ്ദേഹത്തിന്'.

നബിക്ക് സൈദിനോടുള്ള ഹൃദയംഗമമായ സ്നേഹം ഏറെ പ്രകടമായത് സൈദിന്റെ വിവാഹത്തിലാണ്. കുലീന കുടുംബത്തിൽ പെട്ട സുന്ദരിയും സുശീലയും പ്രവാചകന്റെ അമ്മാവിയുടെ മകളുമായ സൈനബ് ബിൻത് ജഹ്ശ് എന്ന യുവതിയെയാണ് സൈദിന് വധുവായി നബി കണ്ടു വെച്ചത്.

സ്വതന്ത്രരായ കുലീന സ്ത്രീകൾക്ക് അടിമത്തത്തിൽനിന്ന് മോചിതരായ പുരുഷന്മാർ ഭർത്താക്കളാകുന്നത് മാനക്കേടായാണ് അക്കാലത്ത് കരുതിവന്നിരുന്നത്. അതിനാൽ സൈനബിന് ഈ വിവാഹം തീരെ ഇഷ്ടമായിരുന്നില്ല. അവർ കടുത്ത എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. ഈ വിഷയത്തിൽ നബിയും സൈനബും സംവാദം നടന്നു കൊണ്ടിരിക്കെ ഖുർആനിലെ 'അല്ലാഹുവും അവന്റെ ദൂതനും ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ അക്കാര്യത്തിൽ സ്വതന്ത്രമായ തീരുമാനമെടുക്കാൻ യാതൊരു വിശ്വാസിക്കും വിശ്വാസിനിക്കും അവകാശമില്ലാത്തതാകുന്നു...' എന്ന സൂക്തം സൈനബിന്റെ ഇസ്‌ലാമിക മനസ്സാക്ഷിയെ തട്ടിയുണർത്തി. സൈനബും സൈദും വിവാഹിതരായി.

ഇരുവരും ദമ്പതിമാരായി കഴിയുന്നതിനിടയിൽ കുലമഹിമ പ്രശ്നം വീണ്ടും സൈനബിനെ പിടികൂടി. സ്നേഹപ്പൊരുത്തമില്ലാത്ത ദാമ്പത്യമായി അവരുടേത്. സൈദ് നബിയോട് പല തവണ പരാതി പറഞ്ഞു. ക്ഷമിക്കാനും ദൈവഭക്തി കൈവിടാതിരിക്കാനും സൈനബിനെ വിവാഹമോചനം ചെയ്യാതിരിക്കാനും സൈദിനെ നബി ഉപദേശിച്ചു. സൈനബാകട്ടെ, തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അങ്ങനെ ഇരുവരുടെയും ദാമ്പത്യ ബന്ധം അവസാനിച്ചു. സൈദിന് നബി തിരുമേനി മറ്റൊരു യുവതിയെ കല്യാണം കഴിച്ചു കൊടുത്തു.

ഇസ്‌ലാമിനു മുമ്പ് അറബികളിൽ പരക്കെ നടപ്പുണ്ടായിരുന്ന ഒരു കീഴ്‌വഴക്കമായിരുന്നു ദത്തുപുത്ര സമ്പ്രദായം. കുടുംബാംഗങ്ങൾ തമ്മിലും സ്വത്ത് കാര്യങ്ങളിലും സാമൂഹിക കാര്യങ്ങളിലുമെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഒരേർപ്പാടാണത്. സമൂഹത്തിൽനിന്ന് ആ ദുഷ്പ്രവണത വേരോടെ പിഴുതെറിയാൻ അല്ലാഹു തീരുമാനിച്ചു. അല്ലാഹു പ്രഖ്യാപിച്ചു: 'അല്ലാഹു നിങ്ങളുടെ ദത്ത് പുത്രന്മാരെ നിങ്ങളുടെ യഥാർഥ സന്തതികളാക്കിയിട്ടില്ല. ഇതെല്ലാം നിങ്ങളുടെ ചുണ്ടുകളിൽനിന്നുതിരുന്ന ജൽപനങ്ങളാകുന്നു. എന്നാൽ അല്ലാഹു തികച്ചും സത്യമായത് പറയുന്നു. അവൻ നേർവഴിക്ക് നയിക്കുകയും ചെയ്യുന്നു. ദത്തുപുത്രന്മാരെ അവരുടെ പിതാക്കളിലേക്ക് ചേർത്തു വിളിക്കുവിൻ. അതാണ് അല്ലാഹുവിങ്കൽ ഏറ്റവും ന്യായമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കളാരെന്ന് നിങ്ങൾക്കറിഞ്ഞു കൂടെങ്കിൽ, അപ്പോൾ അവർ നിങ്ങളുടെ ദീനീ സഹോദരന്മാരും മിത്രങ്ങളുമാകുന്നു....' ഖുർആനിലെ ഈ സൂക്തങ്ങൾ നബിയും സൈദും തമ്മിലുള്ള പിതൃപുത്ര ബന്ധം പൂർണമായും അവസാനിപ്പിച്ചു. സ്വന്തം പുത്രന്മാരുടെ വിമോചിത ഭാര്യമാർ പിതാക്കൾക്ക് നിഷിദ്ധമാണെന്ന പോലെ, ദത്ത് പുത്രന്മാരുടെ വിമോചിത ഭാര്യമാരും നിഷിദ്ധമാണെന്നായിരുന്നു അന്നത്തെ നാട്ടാചാരം. ദത്തുപുത്ര സമ്പ്രദായം ഇല്ലാതാക്കിയതിനാൽ അവരുടെ വിമോചിത ഭാര്യമാർ പിതാക്കൾക്ക് നിഷിദ്ധമാകുന്ന കാര്യവും എന്നെന്നേക്കുമായി ദുർബലപ്പെട്ടു. ഇതിനൊരു മാതൃക കാണിക്കാനായി അല്ലാഹുവിന്റെ ആജ്ഞ പ്രകാരം സൈദിന്റെ വിമോചിത പത്നിയായ സൈനബിനെ നബി(സ) വിവാഹം ചെയ്യുകയാണുണ്ടായത്.

സൈദ് അധികകാലം ജീവിച്ചില്ല. മുഅ്തയിൽ ഹിർഖൽ ചക്രവർത്തിയുടെ വൻ സൈന്യങ്ങളെ നേരിടാൻ മുസ്‌ലിം സൈന്യത്തിന്റെ നായകനായിരുന്ന അദ്ദേഹം ഇസ്‌ലാമിന്റെ പതാകയേന്തി പടക്കളത്തിലേക്കിറങ്ങി. നാനാ ഭാഗത്തു നിന്നും ഇരമ്പിവന്ന ശത്രു സൈന്യങ്ങൾ അദ്ദേഹത്തിന്റെ ജീവൻ അപഹരിച്ചു. മുഅ്താ യുദ്ധത്തിൽ ശഹീദായ ആദ്യത്തെ സേനാധിപനാണ് സൈദ്. സൈദ് ശഹീദായ വിവരം അറിഞ്ഞപ്പോൾ റസൂൽ(സ) പറഞ്ഞു: "സൈദ് സ്വർഗത്തിൽ പ്രവേശിച്ചുകഴിഞ്ഞു. അദ്ദേഹം അവിടെ വിഹരിച്ചുകൊണ്ടിരിക്കുന്നു." ■